## കേരള സർക്കാർ

### സംഗ്രഹം

സഹകരണം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, ചെയർമാൻ എന്നീ സ്ഥാപനങ്ങൾ വഹിക്കുന്ന സഹകരണസംഘം ജീവനക്കാർക്ക് പ്രസ്തുത കാലയളവ് ശമ്പളമില്ലാത്ത പ്രത്യേക അവധിയായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അവധികൾ

സഹകരണ (ബി) വകുപ്പ്

**ജി.ഒ.(എം.എസ്.)142/99/സഹ.** തീയതി, തിരുവനന്തപുരം, 28.09.1999

പരാമർശം : 1. 16.01.98ലെ ജി.ഒ.(പി) നം. 28/98/പൊ.വി.

2. സഹകരണസംഘം രജിസ്ട്രാറുടെ 2.7.98ലെ ഇ.എം.(1) 23757/98 നം. കത്ത്.

### ഉത്തരവ്

മേൽ പരാമർശിച്ച ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് എന്നിവ പ്രകാരം രൂപീകരിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റ്/ ചെയർമാൻ/ ചെയർപേഴ്സൺ എന്നീ നിലകളിൽ തിരഞ്ഞെടുക്കപ്പെട്ട എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഒരു അദ്ധ്യയനവർഷം മുഴുവനുമോ അതിന്റെ ഭാഗമോ പ്രസ്തുതസ്ഥാനം വഹിക്കുന്ന കാലയളവു മുഴുവനുമോ അവരുടെ ജോലി നിർവഹിക്കുന്നതിലേക്കായി ശമ്പളമില്ലാത്ത പ്രസ്തുത അവധി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി അവധിക്കാലം ഇൻക്രിമെന്റിനും ഉയർന്ന ശമ്പള സ്കെയിലിനും പെൻഷനും ടി ഉത്തരവു പ്രകാരം കണക്കാക്കാവുന്നതാണ്.

ഈ ആനുകൂല്യം സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമായി ഉത്തരവു പുറപ്പെടുവിക്കണമെന്ന് സഹകരണസംഘം രജിസ്ട്രാർ മേൽ പരാമർശിച്ച കത്തുപ്രകാരം ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഗവൺമെന്റ് ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിക്കുന്ന സഹകരണസംഘം ജീവനക്കാർക്ക് പ്രസ്തുത കാലയളവ് ശമ്പളമില്ലാത്ത പ്രത്യേക അവധിയായി അനുവദിക്കുന്നതാണ്. ഈ പ്രത്യേക അവധിക്കാലം ഇൻക്രിമെന്റിനും ശമ്പളവർദ്ധനവിനും പ്രമോഷനും പെൻഷനും 'നോഷണലായി' കണക്കാക്കുന്നതാണ്. എന്നാൽ ഇതുമൂലമുള്ള സാമ്പത്തിക ആനുകൂല്യത്തിന് ജീവനക്കാരൻ അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽക്ക് മാത്രമേ അർഹനാകുകയുള്ളൂ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കുരുവിള ജോൺ,

സെക്രട്ടറി.

www.ceokerala.org
www.ceokerala.org